# Malayala Manorama

## 28 August 2018

## Cherthala, Rescue Operation, Fishermen, Critically Injured

# രക്ഷാപ്രവർത്തനത്തിനിടെ പരുക്കേറ്റ മൽസ്യത്തൊഴിലാളി ഗുരുതരാവസ്ഥയിൽ

**ചേർത്തല** • പ്രളയമേഖലയിൽ രക്ഷാപ്രവർത്തനത്തിനിടെ വൈദ്യുതി തൂണിൽ കാലിടിച്ച് പരുക്കേറ്റ മൽസ്യത്തൊഴിലാളി യുവാവ് ഗുരുതരാവസ്ഥയിൽ. അർത്തുങ്കൽ കുരിശിങ്കൽ സ്റ്റാലിൻ (37) ആണ് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ളത്. കഴിഞ്ഞ 16ന് ആണു സ്റ്റാലിൻ ഉൾപ്പെട്ട സംഘം അർത്തുങ്കലിൽ നിന്നു വള്ളത്തിൽ വരാപ്പുഴയിൽ രക്ഷാപ്രവർത്തനത്തിനു പോയത്. ഒഴുക്കിൽപ്പെട്ട വള്ളം നിയന്ത്രിക്കുന്നതിനിടെ വൈദ്യുതി തൂണിലിടിച്ചാണു സ്റ്റാലിന്റെ കാലിനു പരുക്കേറ്റത്.

കെ.സി.വേണുഗോപാൽ എംപി സ്റ്റാലിനെ വീട്ടിൽ സന്ദർശിക്കുകയും എംപിയുടെ നിർദേശപ്രകാരം എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയുമായിരുന്നു. തുടർന്നു നടത്തിയ വിശദമായ പരിശോധനയിൽ കാലിലെ ഞരമ്പുകൾക്കു ക്ഷതം സംഭവിച്ചതായി കണ്ടെത്തി.

